2024
MARCH
09
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## രോഹിത് പവാറിന്റെ 50 കോടിയുടെ സ്വത്ത് ഇ.ഡി കണ്ടുകെട്ടി



**മുംബൈ:** ശരദ് പവാറിന്റെ ബന്ധുവും എംഎൽഎയുമായ രോഹിത് പവാറിന്റെ ഉടമസ്ഥതയിലുള്ള പഞ്ചസാര മില്ലിന്റെ 50 കോടി രൂപ വിലമതിക്കുന്ന സ്വത്തുക്കൾ ഇ.ഡി കണ്ടുകെട്ടി. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരമാണ് സ്വത്തുക്കൾ കണ്ടുകെട്ടിയിരിക്കുന്നത്. മഹാരാഷ്ട്ര സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് തട്ടിപ്പ് കേസുമായി ബന്ധപ്പെട്ടാണ് നടപടി.

ഔറംഗാബാദ് ജില്ലയിലെ കന്നാഡ് ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന കന്നാഡ് സഹകാരി സഖർ കർഖാന ലിമിറ്റഡിന്റെ 161.30 ഏക്കർ ഭൂമി, കെട്ടിടം, പ്ലാൻറ്, യന്ത്രങ്ങൾ എന്നിവയാണ് ഇ.ഡി കണ്ടുകെട്ടിയത്. ബാരാമതി അഗ്രോ ലിമിറ്റഡിന്റെ കീഴിലാണ് ഈ മിൽ. രോഹിത് പവാറിന്റെ ഉടമസ്ഥതയിലുള്ളതാണ് ബാരാമതി അഗ്രോ ലിമിറ്റഡ്. മഹാരാഷ്ട്ര സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് അനധികൃതമായി പഞ്ചസാര മില്ലുകൾ ബാരാമതി അഗ്രോ ലിമിറ്റഡിന് വിറ്റുവെന്നാണ് ആരോപണം

തിരഞ്ഞെടുപ്പ് അടുത്തതിന്റെ പശ്ചാത്തലത്തിൽ പ്രതിപക്ഷത്തിനെതിരെ കേന്ദ്രം നടത്തുന്ന ആക്രമണത്തിന്റെ ഭാഗമായാണ് ഇ.ഡി നടപടികളെ ജനങ്ങൾ നോക്കിക്കാണുകയെന്ന് രോഹിത് പറഞ്ഞു. പ്രതിപക്ഷ നേതാക്കൾക്ക് എതിരെ മാത്രമാണ് അന്വേഷണം നടക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കള്ളപ്പണം വെളുപ്പിക്കൽ കേസുമായി ബന്ധപ്പെട്ട് ജനുവരി 24 ന് ഇയാളെ ഇ.ഡി 10 മണിക്കൂറോളം ചോദ്യം ചെയ്തിരുന്നു.

# കേന്ദ്രവുമായുള്ള കേരളത്തിന്റെ കടമെടുപ്പു ചർച്ച പരാജയം

### ഇനിയും കടമെടുക്കാൻ അനുവദിക്കണമെന്ന് കേരളം

**ന്യൂഡൽഹി/തിരുവനന്തപുരം:** കേരളത്തിന്റെ കടമെടുപ്പു പരിധി കൂട്ടുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന ഉദ്യോഗസ്ഥതല ചർച്ച രണ്ടാം വട്ടവും പരാജയപ്പെട്ടതോടെ സംസ്ഥാന സർക്കാർ സാമ്പത്തിക വർഷാവസാനം ഗുരുതര പ്രതിസന്ധിയിലേക്ക്.

കഴിഞ്ഞദിവസം കേന്ദ്രം അനുമതി നൽകിയ 13,608 കോടി രൂപ പോലും സമയബന്ധിതമായി കടമെടുക്കാനാകുമോയെന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് ആശങ്കയുണ്ട്. ഇതിൽ 4866 കോടി വൈദ്യുതി വിതരണ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പാക്കിയതിനാൽ കടമെടുക്കാൻ കഴിയുന്ന തുകയാണ്. കേന്ദ്ര ഊർജ മന്ത്രാലയത്തിൽ കിടക്കുന്ന ഈ ഫയൽ ഇനി ധനമന്ത്രാലയത്തിലെത്തി തീരുമാനമെടുത്ത് റിസർവ് ബാങ്കിനെ അറിയിക്കുകയെന്ന നടപടിക്രമം ബാക്കിയാണ്.

ഈ മാസം 12,19,26 തീയതികളിലാണ് ഇനി റിസർവ് ബാങ്ക് വഴി കടമെടുക്കാൻ കഴിയുക. അതിനു മുൻപു നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കേന്ദ്രം സഹായിച്ചില്ലെങ്കിൽ കേരളം പരുങ്ങലിലാകും. സാമ്പത്തിക വർഷാവസാനം സുപ്രീം കോടതിയിൽ കേസിനു പോയി കേന്ദ്രത്തെ പിണക്കിയത് അബദ്ധമായെന്നാണു ധനവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ വിലയിരുത്തൽ.




സംസ്ഥാനത്തിന്റെ ആവശ്യം പരിശോധിച്ചെങ്കിലും കേന്ദ്രം അനുകൂലമായി പ്രതികരിച്ചില്ലെന്നു കേരള സംഘത്തെ നയിച്ച ചീഫ് സെക്രട്ടറി വി.വേണു അറിയിച്ചു. വിവരം തിങ്കളാഴ്ച കോടതിയെ അറിയിക്കും.

ചർച്ച പരാജയപ്പെട്ടതോടെ, സാമ്പത്തിക വർഷാവസാനമായ ഈ മാസം ട്രഷറിയിൽ കൂട്ടത്തോടെയെത്തുന്ന ബില്ലുകൾ പാസാക്കാനാകാതെ സർക്കാർ വലയും.

തിരഞ്ഞെടുപ്പ് അടുക്കുന്നതിനാൽ രണ്ടോ മൂന്നോ മാസത്തെയെങ്കിലും ക്ഷേമ പെൻഷൻ നൽകേണ്ടതുണ്ട്. അടുത്തമാസം ആദ്യം ശമ്പളവും പെൻഷനും നൽകാൻ 5000 കോടി കണ്ടെത്തണം. 25,000 കോടി രൂപയെങ്കിലും ഈ മാസാവസാനം ചെലവിടാനുള്ള കണക്കുകൂട്ടലുകളാണു കേന്ദ്ര നിലപാടു കാരണം പൊളിയുന്നത്.

വിവിധ വകുപ്പുകളിൽനിന്നു പണം ആവശ്യപ്പെട്ട് ധനവകുപ്പിനു മേൽ കടുത്ത സമ്മർദം തുടങ്ങിയിട്ടുമുണ്ട്.

# മൊബൈൽ കോളുകളുടെ കോൾ നിരക്ക് കൂടും

**കൊച്ചി:** മൊബൈൽ കോളുകളുടെ നിരക്ക് വർധിപ്പിക്കാൻ രാജ്യത്തെ മുൻനിര ടെലികോം കമ്പനികളുടെ നീക്കം.ഏപ്രിലിന് ശേഷം നിരക്ക് വർധിപ്പിക്കാനാണ് മുൻനിര മൊബൈൽ സേവനദാതാക്കളായ റിലയൻസ് ജിയോ, ഭാരതി എയർടെൽ, വൊഡഫോൺ ഐഡിയ (വി) തുടങ്ങിയ കമ്പനികൾ ധാരണയിലെത്തിയത്. സ്പെക്ട്രം ലേലത്തിൽ വലിയ തുക നൽകി പങ്കെടുത്ത കമ്പനികൾക്ക് മേൽ അധിക ഫീ ബാധ്യത കൂടി വരുന്നതിനാൽ നിരക്ക് കൂട്ടാതെ മാർഗമില്ലെന്ന് കമ്പനികൾ പറയുന്നു.



നിലവിൽ ഒരു ഉപയോക്താവിൽ നിന്നുള്ള പ്രതി ഓഹരി വരുമാനം (എആർപിയു) ലോകത്തിലെ ടെലികോം രംഗത്ത് ഏറ്റവും കുറവ് ഇന്ത്യയിലാണ്. താരിഫിൽ വർധന വരുത്തിയില്ലെങ്കിൽ ടെലികോം കമ്പനികളുടെ പ്രവർത്തനം പ്രതിസന്ധിയിലാകുമെന്നും അവർ പറയുന്നു. പ്രതി ഓഹരി വരുമാനം 300 രൂപയിലധികമാകാതെ ഇന്ത്യയിലെ ടെലികോം സേവനങ്ങൾ ലാഭകരമായി നൽകാനാവില്ലെന്ന് ഭാരതി എയർടെൽ ചെയർമാൻ സുനിൽ മിത്തൽ പറയുന്നു.

ഒക്റ്റോബർ മുതൽ ഡിസംബർ വരെയുള്ള മൂന്ന് മാസങ്ങളിൽ എയർടെല്ലിൻറെ പ്രതി ഓഹരി വരുമാനം 208 രൂപയായി ഉയർന്നിരുന്നു. അടിസ്ഥാന സേവനങ്ങൾ ഉപയോഗിച്ചിരുന്നവർ സ്മാർട്ട്ഫോണുകളിലേക്ക് മാറിയതു മൂലമുള്ള അധിക നേട്ടമാണ് എആർപിയു കൂടാൻ സഹായിച്ചത്. ഇക്കാലയളവിൽ എയർടെല്ലിൻറെ വരുമാനം 37,900 കോടി രൂപയായി ഉയർന്നുവെങ്കിലും അറ്റാദായം 2,442.2 കോടി രൂപയായി താഴ്ന്നു.

രാജ്യം ഡിജിറ്റൽവ്കരണം വേഗത്തിലാക്കുമ്പോഴും അഞ്ചാം തലമുറ (5ജി) സേവനങ്ങൾ വ്യാപകമാക്കുന്നതിൽ മുൻനിര ടെലികോം കമ്പനികൾ മെല്ലെപ്പോക്ക് നയമാണ് സ്വീകരിക്കുന്നത്. 5ജി സേവനങ്ങൾ ലഭ്യമാക്കാൻ അധിക നിക്ഷേപം ആവശ്യമാണെങ്കിലും വരുമാനം കാര്യമായി കൂടാത്തതാണ് മുൻനിര ടെലികോം കമ്പനികൾക്ക് വലിയ വെല്ലുവിളി സൃഷ്ടിക്കുന്നത്. ജിയോയും എയർടെല്ലും 5ജി വ്യാപകമാക്കുന്നുവെന്ന് അവകാശപ്പെടുമ്പോഴും ഇക്കാര്യത്തിൽ വലിയ ആവേശം ദൃശ്യമല്ല.







# കെ എം എ സസ്റ്റയ്നബിലിറ്റി സമ്മിറ്റ് സംഘടിപ്പിച്ചു

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ സസ്റ്റയ്നബിലിറ്റി സമ്മിറ്റും സി എസ് ആർ അവാർഡ് നിശയും കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്നു. മുൻ കേന്ദ്ര മന്ത്രിയും മുതിർന്ന മാധ്യമ പ്രവർത്തകനുമായ എം.ജെ അക്ബർ സമ്മിറ്റ് ഉദ്ഘാടനം ചെയ്തു. ദാരിദ്ര്യ നിർമാർജനത്തിലൂടെ മാത്രമെ രാജ്യത്തിന് സുസ്ഥിരത കൈവരിക്കാൻ കഴിയൂ എന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. സർക്കാരുകൾ മാറ്റത്തിന്റെ പതാകാ വാഹകരായി മാറണം. ശുചിത്വത്തിൽ ഗാന്ധിജി പകർന്ന പാഠങ്ങൾ മഹത്തരമാണ്. ബ്രിട്ടീഷുകാരോടുള്ള ഭയത്തിൽ നിന്ന് ഇന്ത്യയെയും ഇന്ത്യക്കാരേയും മോചിതരാക്കിയതാണ് ഗാന്ധിജിയുടെ ഏറ്റവും മഹത്തായ സംഭാവന. എല്ലാവരും സ്വതന്ത്രരാകാൻ ആഗ്രഹിക്കുന്നു, എന്നാൽ സ്വാതന്ത്ര്യം എന്തിന് ഉപയോഗിക്കണമെന്ന് മാത്രം ആർക്കുമറിയില്ലെന്ന് അദ്ദേഹം പറഞ്ഞു. യൂറോപ്യൻ കോളനി വാഴ്ചയുടെ ജനനവും മരണവും ഇന്ത്യയിലായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രകൃതിയെ കണക്കിലെടുക്കാതെയുള്ള ഏത് പ്രവൃത്തിക്കും തിരിച്ചടിയുണ്ടാകുമെന്നും എം.ജെ അക്ബർ മുന്നറിയിപ്പ് നൽകി.കേരളത്തിലെ കോർപ്പറേറ്റുകൾ സാമൂഹ്യ പ്രതിബദ്ധത ഉയർത്തിപ്പിടിക്കുന്നവരും അത് തങ്ങളുടെ ഉത്തരവാദിത്വത്തിന്റെ ഭാഗമാണെന്ന് ചിന്തിക്കുന്നവരുമാണെന്ന് മുഖ്യ പ്രഭാഷണം നടത്തിയ സി എൽ ടി ഇന്ത്യ സിഇഒ നിക്സൺ ജോസഫ് പറഞ്ഞു. ലാഭത്തിന്റെ അടിസ്ഥാനത്തിലല്ല, സമൂഹത്തിനും പ്രകൃതിക്കും വേണ്ടി പോസിറ്റീവായ എന്ത് സ്വാധീനം ഉണ്ടാക്കാൻ കഴിഞ്ഞു എന്ന് വിലയിരുത്തിയാകണം കോർപ്പറേറ്റുകളുടെ വിജയം തീരുമാനിക്കപ്പെടേണ്ടതെന്നും അദ്ദേഹം പറഞ്ഞു.ജിയോജിത് ഫിനാൻഷ്യൽ സർവീസസ് മാനേജിംഗ് ഡയറക്ടർ സി ജെ ജോർജ്ജ്, മീരാൻ ഗ്രൂപ്പ് ചെയർമാൻ നവാസ് മീരാൻ, മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് സിഎംഡി തോമസ് ജോൺ മുത്തൂറ്റ്, സിന്തൈറ്റ് ഇൻഡസ്ട്രീസ് ജോ. മാനേജിംഗ് ഡയറക്ടർ അജു ജേക്കബ്, എക്സ് എൽ ആർ ഐ പ്രൊഫ. കല്യാൺ ഭാസ്ക്കർ എന്നിവർ പ്രഭാഷണം നടത്തി.

കേരളത്തിൽ നിന്നുള്ള സ്ഥാപനങ്ങൾക്ക് 2024 ലെ സി എസ് ആർ, ഇ എസ് ജി, എൻ ജി ഒ അവാർഡുകൾ സമ്മാനിച്ചു. സി എസ് ആർ ഹെൽത്ത് വിഭാഗത്തിൽ ആസ്റ്റർ മെഡ് സിറ്റി, സിന്തൈറ്റ് ഇൻഡസ്ട്രീസ്, അദാനി വിഴിഞ്ഞം പോർട്ട്, ബിപിസിഎൽ കൊച്ചി റിഫൈനറി എന്നിവർ അവാർഡ് നേടി. സി എസ് ആർ എഡ്യുക്കേഷൻ വിഭാഗത്തിൽ നിറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ്, പ്ളാന്റ് ലിപിഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, യു എസ് ടെക്നോളജി, ബി പിസി എൽ കൊച്ചി റിഫൈനറി എന്നിവർ അവാർഡിനർഹരായി. സി എസ് ആർ സോഷ്യൽ ഇൻക്ലൂഷനിൽ ആസ്റ്റർ മെഡ് സിറ്റി, അദാനി വിഴിഞ്ഞം പോർട്ട്, കൊച്ചിൻ ഷിപ്പ് യാർഡ്, ആപ്റ്റിറ്റിവ് കണക്ഷൻ സിസ്റ്റംസ് എന്നിവർ അവാർഡ് നേടി. പുനർജീവ ടെക്നോളജി സെല്യൂഷൻസ് ഈ വിഭാഗത്തിൽ പ്രത്യേക ജ്യൂറി പുരസ്കാരത്തിനർഹരായി. സിഎസ്ആർ എൻവയോൺമെന്റ് വിഭാഗത്തിൽ മാതൃഭൂമി, അപ്പോളോ ടയേഴ്സ്, ഫെഡറൽ ബാങ്ക് എന്നിവർക്ക് അവാർഡ് സമ്മാനിച്ചു. ഇ എസ് ജി വിഭാഗത്തിൽ ആപ്പ്റ്റിവ് കണക്ഷൻ സിസ്റ്റംസ്, യു എസ് ടെക്നോളജി എന്നിവരും എൻ ജി ഒ വിഭാഗത്തിൽ കെ ചിറ്റിലപ്പള്ളി ഫൗണ്ടേഷനും അവാർഡിനർഹരായി.

ഈ വിഭാഗത്തിൽ മുത്തൂറ്റ് പാപ്പച്ചൻ ഫൗണ്ടേഷൻ, ഇസാഫ് എന്നിവർ പ്രത്യേക ജ്യൂറി അവാർഡ് കരസ്ഥമാക്കി.കെ എം എ പ്രസിഡന്റ് എ.ബാലകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ദിലീപ് നാരായണൻ, സീനിയർ വൈസ് പ്രസിഡന്റ് ബിബു പുന്നൂരാൻ എന്നിവർ പങ്കെടുത്തു.

# അന്താരാഷ്ട്ര വനിതാ ദിനത്തിൽ പ്രത്യേക ക്യാമ്പയിനുമായി അമൃതാഞ്ജൻ കോംഫി

**കൊച്ചി:** അന്താരാഷ്ട്ര വനിതാ ദിനാചരണത്തിൽ സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുന്നതിനുള്ള പ്രതിബദ്ധത ആവർത്തിച്ച് ക്യാമ്പയിനുമായി അമൃതാഞ്ജൻ ഹെൽത്ത് കെയർ ലിമിറ്റഡ്. ആർത്തവ ശുചിത്വ ബ്രാൻഡായ അമൃതാഞ്ജൻ കോംഫിയുടെ കീഴിലാണ് പുതിയ ക്യാമ്പയിൻ അവതരിപ്പിച്ചത്. ഇന്ത്യയിലെ ആർത്തവ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന ക്യാമ്പയിൻ ഓരോ സ്ത്രീക്കും ആർത്തവത്തെ അന്തസോടെയും ആത്മവിശ്വാസത്തോടെയും കൈകാര്യം ചെയ്യാൻ അവകാശമുണ്ടെന്ന സന്ദേശം പ്രചരിപ്പിക്കാനും ലക്ഷ്യമിടുന്നു.





വനിതാ ദിന ആഘോഷങ്ങളുടെ മുന്നോടിയായി വനിതാ പൊലീസ് ഓഫീസർമാരെ പിന്തുണയ്ക്കുന്നതിന് കോംഫി പ്രത്യേക യജ്ഞം ആരംഭിച്ചിരുന്നു. ചെന്നൈയിൽ വിജയകരമായി നടപ്പിലാക്കിയ പരീക്ഷണ പദ്ധതി ആർത്തവത്തെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനും സ്ത്രീകൾക്കിടയിലെ ആർത്തവ വേദന ലഘൂകരിക്കുന്നതിനുമായി ഇന്ത്യയിലുടനീളമുള്ള കൂടുതൽ നഗരങ്ങളിൽ നടപ്പിലാക്കാനും ബ്രാൻഡ് ലക്ഷ്യമിടുന്നുണ്ട്.സ്ത്രീകളെ ശാക്തീകരിക്കാനുള്ള അതിന്റെ കഴിവിനെക്കുറിച്ചും അവബോധം വളർത്തുന്നതിനും തങ്ങൾ സ്ഥിരം നിലകൊള്ളുന്നുണ്ടെന്ന് അമൃതാഞ്ജൻ ഹെൽത്ത് കെയർ ലിമിറ്റഡ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ എസ് ശംഭു പ്രസാദ് പറഞ്ഞു.



# എഫ്ഐഎം ഏഷ്യാ റോഡ് റേസിംഗ് ചാമ്പ്യൻഷിപ്പ്: ഇന്ധന പങ്കാളിയായി ഇന്ത്യൻ ഓയിൽ

**കൊച്ചി:** എഫ്ഐഎം ഏഷ്യാ റോഡ് റേസിംഗ് ചാമ്പ്യൻഷിപ്പിന്റെ ഔദ്യോഗിക ഇന്ധന പങ്കാളിയായി ഇന്ത്യൻ ഓയിൽ. 2024 മുതൽ 2026 വരെയുള്ള മൂന്ന് വർഷത്തേക്കാണ് ഈ കരാർ. അടുത്ത മൂന്നു വർഷത്തേക്ക് എഫ്ഐഎം സംഘടിപ്പിക്കുന്ന എല്ലാ ഏഷ്യാ റോഡ് റേസിംഗ് ചാമ്പ്യൻഷിപ്പ് മത്സരങ്ങളിലും ഇന്ത്യൻ ഓയിൽ വികസിപ്പിച്ചെടുത്ത കാറ്റഗറി 2 റേസിംഗ് ഇന്ധനമായ 'സ്റ്റോം' ആയിരിക്കും ഉപയോഗിക്കുക. ഇന്ത്യൻ ഓയിലിന്റെ ഗുജറാത്ത് റിഫൈനറിയിൽ ഉൽപ്പാദിപ്പിക്കുന്ന 'സ്റ്റോം', ഇന്ത്യൻ ഓയിലിന്റെ വൈവിധ്യമാർന്നതും അഭിലഷണീയവുമായ ഉൽപ്പന്ന ശ്രേണിയുടെ ഹൈലൈറ്റാണ്.

അന്താരാഷ്ട്ര രംഗത്തേക്കുള്ള 'സ്റ്റോമിന്റെ' വരവ് 'മെയ്ക്ക് ഇൻ ഇന്ത്യ' സംരംഭത്തെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു സുപ്രധാന മുന്നേറ്റത്തെ അടയാളപ്പെടുത്തുന്നു.'ഏഷ്യാ റോഡ് റേസിംഗ് ചാമ്പ്യൻഷിപ്പിനായി എഫ്ഐഎമ്മുമായുള്ള പങ്കാളിത്തം ആരംഭിക്കുമ്പോൾ, ഇന്ത്യൻ ഓയിൽ ഞങ്ങളുടെ അത്യാധുനിക 'സ്റ്റോംഅൾട്ടിമേറ്റ് റേസിംഗ് ഫ്യൂവൽ' ഉപയോഗിച്ച് മോട്ടോർ സ്പോർട്ടിന്റെ അതിവേഗ പാതകൾക്ക് ഇന്ധനം നൽകുന്നതിൽ അഭിമാനിക്കുന്നുവെന്ന് ഇന്ത്യൻ ഓയിൽ ചെയർമാൻ ശ്രീകാന്ത് മാധവ് വൈദ്യ പറഞ്ഞു.കർശനമായ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കുന്ന പ്രത്യേക ഇന്ധനങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഞങ്ങളുടെ അശ്രാന്ത പരിശ്രമം ഉൾക്കൊള്ളുന്ന ഇന്ധനം, പുതുമയുടെയും മികവിന്റെയും പ്രതീകമായി നിലകൊള്ളുന്നു. ഈ സഹകരണം ആഗോളതലത്തിൽ 'മെയ്ക്ക് ഇൻ ഇന്ത്യ' സംരംഭം ശക്തിപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണെന്നും ശ്രീകാന്ത് മാധവ് വൈദ്യ പറഞ്ഞു.മാർച്ച് 15 മുതൽ 17 വരെ തായ്ലൻഡിൽ നടക്കുന്ന മത്സരത്തിനുള്ള 'സ്റ്റോം' ഇന്ധനം 2024 ഫെബ്രുവരി 23ന് മുംബൈയിലെ നവ ഷേവ തുറമുഖത്ത് നിന്ന് കേന്ദ്ര പെട്രോളിയം & പ്രകൃതി വാതകവും ഭവനവും നഗര കാര്യങ്ങളും മന്ത്രി ഹർദീപ് സിംഗ് പുരിയുടെ വെർച്വൽ ഫ് ളാഗ്ഓഫ് ചെയ്തു.

# സ്പെഷ്യൽ സ്പാ ഓഫറുമായി ഒ ബൈ താമര

**തിരുവനന്തപുരം:** വനിതാ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം ഒ ബൈ താമര എലവേഷൻ സ്പായിൽ സ്പെഷ്യൽ ബൈ വൺ ഗെറ്റ് വൺ ഓഫർ. മാർച്ച് 1 മുതൽ മാർച്ച് 31 വരെ എല്ലാ സ്പാ തെറാപ്പികൾക്കും സേവനങ്ങൾക്കും ഈ ഓഫർ ലഭ്യമാകും. സ്ത്രീത്വത്തെ ആഘോഷിക്കുന്നതോടൊപ്പം തിരക്കുനിറഞ്ഞ ഇന്നത്തെ ജീവിത സാഹചര്യങ്ങളിൽ സ്വയം പരിപാലിക്കേണ്ടതിന്റെയും വിശ്രമത്തിന്റെയും അനിവാര്യത മുൻനിർത്തിയാണ് ഈ ഓഫർ തയ്യാറാക്കിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ പറഞ്ഞു.

# ചാലക്കുടി റീജിയണൽ സയൻസ് സെന്ററിലെ പുതിയ ഗ്യാലറി ഉദ്ഘാടനം ചെയ്തു

**തൃശൂർ:** ചാലക്കുടി റീജിയണൽ സയൻസ് സെന്ററിലെ പുതിയ ഗാലറിയുടെ ഉദ്ഘാടനവും ശാസ്ത്രജ്ഞരെ ആദരിക്കലും യുവ വനിതാ ഗവേഷക സംഗമവും മന്ത്രി ബിന്ദു ഉദ്ഘാടനം നിർവ്വഹിച്ചു.

കേരളത്തിലെ ശാസ്ത്ര ഗവേഷണ മേഖലയിൽ വലിയ മുന്നേറ്റമാണ് നടക്കുന്നതെന്ന് മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കേരളത്തെ ഒരു നവ വൈജ്ഞാനിക സമൂഹമായി മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. യങ് ഇന്നോവേറ്റേഴ്സ് ക്ലബ്ബുകളിലൂടെ ശാസ്ത്രീയമായ പുത്തൻ ആശയങ്ങൾ കണ്ടെത്തുന്നതിനും പങ്കുവെയ്ക്കുന്നതിനും യുവാക്കൾക്ക് അവസരം നൽകുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും റോബോട്ടിക്സിന്റെയും കാലത്താണ് നാം ജീവിക്കുന്നത്. അടിസ്ഥാന സൗകര്യ വിപുലീകരണ രംഗത്ത് ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന് കീഴിലെ ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലാണ് ഗവേഷകർക്കായി പുതിയ ഗ്യാലറി ഒരുങ്ങിയത്. വിത്തുകൾ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം വിശദമായി പ്രദർശിപ്പിക്കുന്ന 3500 ചതുരശ്ര അടി വലിപ്പമുള്ള ടൂറിംഗ് എക്സിബിഷൻ നടന്നു.



# ലോക വനിതാ ദിനം: ലിസി ആശുപത്രിയിൽ ആൻജിയോ പ്ലാസ്റ്റി നടത്തി വനിതാ സംഘം

**കൊച്ചി:** ലോക വനിതാദിനത്തോടനുബന്ധിച്ച് ലിസി ആശുപത്രിയിൽ വനിതകൾ മാത്രം ഉൾക്കൊള്ളുന്ന മെഡിക്കൽ സംഘം സങ്കീർണ്ണമായ ആൻജിയോപ്ലാസ്റ്റി നടത്തി. ആൻജിയോപ്ലാസ്റ്റി ചെയ്ത ഡോക്ടർമാരെ കൂടാതെ അനസ്തെറ്റിസ്റ്റ്, കാത്ത്ലാബ് ടെക്നീഷ്യൻ, അനസ്തേഷ്യ ടെക്നീഷ്യൻ, നഴ്സുമാർ തുടങ്ങി എല്ലാവരും വനിതകളായിരുന്നു. ഡോ. നികിത സൈഫ്, ഡോ. കെ. ആർ. രമിത, ഡോ. ഗ്രേസ് മരിയ, സിസ്റ്റർ ബെറ്റി, ശ്രുതി ഹരിലാൽ, ശിൽപ, ഐവി സെബിൻ, നിഷ, മേഘ, ഷഹാന, അനശ്വര എന്നിവരാണ് ചികിത്സയിൽ പങ്കാളികളായത്.

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായാണ് വനിതകളെ മാത്രം ഉൾപ്പെടുത്തി ആൻജിയോപ്ലാസ്റ്റി ചെയ്യുവാൻ തീരുമാനിച്ചതെന്ന് ഹൃദ്രോഗ വിഭാഗം തലവൻ ഡോ. റോണി മാത്യു പറഞ്ഞു. ചികിത്സയിൽ പങ്കാളികളായവരെ ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ അഭിനന്ദിച്ചു.

# അന്താരാഷ്ട്ര വനിതാ ദിനം: വനിതാ സംരംഭകർക്കുള്ള വിവിധ പദ്ധതികളുമായി സംസ്ഥാന വ്യവസായ വകുപ്പ്

**കൊച്ചി:** വനിതാ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആണ് കേരള വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഒരുക്കിയിട്ടുള്ളത്. കേരള വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭക സഹായ പദ്ധതി വഴി ഉല്പാദന മേഖലയിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന വനിതാ സംരംഭകർക്ക് സ്ഥിര നിക്ഷേപത്തിന്റെ 25%സബ്സിഡിയായി ലഭിക്കുന്നു. നാനോ യൂണിറ്റുകൾക്കായുള്ള മാർജിൻ മണി ഗ്രാൻഡ് വഴി ഉൽപാദന മേഖലയിലോ സേവന മേഖലയിലോ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന വനിതാ സംരംഭകർക്ക് പത്തുലക്ഷം രൂപ വരെയുള്ള പ്രൊജക്ടുകൾക്ക് 40% സബ്സിഡി നൽകുന്നു. തൊഴിലും ഉൽപാദനവും വർധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി വഴി ഉൽപാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയും ഉള്ള പ്രൊജക്ടുകൾക്ക് 15 മുതൽ 35% വരെ സബ്സിഡി ലഭിക്കുന്നു. എന്നിങ്ങനെ ആകർഷകരമായ നിരവധി പദ്ധതികൾ ആണ് സർക്കാർ സ്ത്രീകളെ മുൻഗണന വിഭാഗക്കാരായി കണക്കാക്കി എടുത്തുകൊണ്ട് ഒരുക്കിയിട്ടുള്ളത്.സംരംഭക വർഷത്തിന്റെ ഭാഗമായി 2022 23ൽ എറണാകുളം ജില്ലയിൽ ആരംഭിച്ച 14128 സംരംഭങ്ങളിൽ 4891 സംരംഭങ്ങൾ വനിതാ സംരംഭകരുടെ നേതൃത്വത്തിൽ തുടങ്ങിയവയാണ്.14128 സംരംഭങ്ങളിൽ നിന്നായി 12553 വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. 4891 വനിതാ സംരംഭങ്ങൾ വഴി 202223 കേരളത്തിൽ 223 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.202324 ൽ വനിതാ സംരംഭകരുടെ നേതൃത്വത്തിൽ 3327 സംരംഭങ്ങൾ ഇതുവരെ ആരംഭിച്ചിട്ടുണ്ട് അതുവഴി 188 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാൻ സാധിച്ചു. 202324ൽ ഇതുവരെ തുടങ്ങിയ 10266 സംരംഭങ്ങളിൽ നിന്നായി 9044 വനിതകൾക്ക് തൊഴിൽ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. അതിനോടൊപ്പം പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി വനിതകൾക്ക് മുൻതൂക്കം നൽകുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ഉൾപ്പെടെയുള്ള പദ്ധതികൾ സർക്കാർ പരിഗണിച്ചു കൊണ്ടിരിക്കുകയാണ്. സംരംഭകരുടെ യാത്രയിൽ സംരംഭകർക്കുണ്ടാകുന്ന ഏത് പ്രതിസന്ധിയിലും സർക്കാരും വ്യവസായ വകുപ്പും ഒപ്പം ഉണ്ടാകും ആ തരത്തിലേക്കുള്ള ഒരു വ്യവസായ അന്തരീക്ഷത്തിലേക്ക് ആണ് ഇന്ന് കേരളം എത്തിച്ചേർന്നിരിക്കുന്നത് എന്ന് പി. എ.നജീബ് അറിയിച്ചു.



# പുഴു സിനിമയുടെ ഡിഎൻഎഫ്ടി പുറത്തിറങ്ങി

**കൊച്ചി:** മമ്മൂട്ടിയെ നായകനാക്കി നവാഗത സംവിധായിക രത്തീന ഒരുക്കിയ പുഴുവിന്റെ ഡിഎൻഎഫ്ടി പുറത്തിറക്കി. കൊച്ചിയിൽ നടന്ന ചടങ്ങിൽ മമ്മൂട്ടി ഡിഎൻഎഫ്ടി ഡയറക്ടർ സുഭാഷ് മാനുവലിന് ആദ്യ ടോക്കൺ കൈമാറി. സംവിധായിക രത്തീന, നിർമ്മാതാവ് ജോർജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.ഏറെ നിരൂപക പ്രശംസ പിടിച്ചു പറ്റിയ ചിത്രത്തിലെ സവിശേഷമായ ചിത്രങ്ങൾ, വീഡിയോ ദൃശ്യങ്ങൾ എന്നിവയടങ്ങിയ ഡിഎൻഎഫ്ടിയാണ് പുറത്തിറക്കിയത്. ആനന്ദ് ടിവി അവാർഡുമായി ബന്ധപ്പെട്ട് ലണ്ടനിലെത്തിയ മമ്മൂട്ടി തനിക്ക് നൽകിയ പ്രചോദനമാണ് ഡിഎൻഎഫ്ടിയുടെ പിറവിക്ക് കാരണമായതെന്ന് സുഭാഷ് മാനുവൽ പറഞ്ഞു.ആഗോള സിനിമാ വ്യവസായത്തിന് ഒരു നൂതന സാമ്പത്തിക സ്രോതസ് കൂടി അവതരിപ്പിക്കുന്ന ആശയമാണ് ഡിഎൻഎഫ്ടി. വെർച്വൽ ലോകത്ത് അമൂല്യമായ സൃഷ്ടികൾ സ്വന്തമാക്കാനുള്ള മാർഗമാണ് ഡിഎൻഎഫ്ടി. മോഹൻലാൽ ചിത്രമായ മലൈക്കോട്ടൈ വാലിബൻ എന്ന ചിത്രത്തിന്റെ ഡിഎൻഎഫ്ടി ആണ് ലോകത്താദ്യമായി ഡിഎൻഎഫ്ടി അവസതരിപ്പിച്ചത്. ചിത്രത്തിലെ ചില സവിശേഷമായ സ്റ്റിൽസും വീഡിയോസും ഇതിന്റെ ഭാഗമായി ഡിഎൻഎഫ്ടി സ്വന്തമാക്കിയിട്ടുണ്ട്. യുകെ മലയാളിയും അഭിഭാഷകനുമായ സുഭാഷ് മാനുവലിന്റെ ഉടമസ്ഥതയിലുള്ള ടെക് ബാങ്ക് മൂവീസ് ലണ്ടൻ എന്ന കമ്പനി ആണ് ഈ സംവിധാനം ആദ്യമായി അവതരിപ്പിച്ചത്.

# മികച്ച ആയുഷ് മാതൃക: കേരളത്തെ അഭിനന്ദിച്ച് ഉത്തരാഖണ്ഡ് സംഘം

**തൃശൂർ:** കേരളത്തിലെ ആയുഷ് മേഖലയെ അഭിനന്ദിച്ച് ഉത്തരാഖണ്ഡ് സംസ്ഥാന ആയുഷ് പ്രതിനിധി സംഘം. കേരളം മികച്ച ആയുഷ് മാതൃകയെന്ന് സംഘം വിലയിരുത്തി. കേരളത്തിലെ വിവിധ ആയുഷ് കേന്ദ്രങ്ങൾ സന്ദർശിച്ച ശേഷമാണ് സംഘം അഭിനന്ദിച്ചത്. രാജ്യത്ത് ആദ്യമായി സംസ്ഥാനത്തെ 150 ആയുഷ് സ്ഥാപനങ്ങൾക്ക് ഒരുമിച്ച് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിരുന്നു. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിട്ടറിയാനും കേരളത്തിന്റെ ആയുഷ് മേഖലയെപ്പറ്റി അടുത്തറിയാനുമാണ് സംഘമെത്തിയത്. മാർച്ച് അഞ്ചിന് എത്തിയ സംഘം എൻ.എ.ബി.എച്ച്. സർട്ടിഫിക്കറ്റ് വിതരണ ചടങ്ങിൽ പങ്കെടുക്കുകയും ആരോഗ്യ മന്ത്രി വീണാ ജോർജുമായി ആശയ വിനിമയം നടത്തുകയും ചെയ്തിരുന്നു.

സംസ്ഥാനത്തെ ആയുഷ് രംഗത്ത് വലിയ രീതിയിലുള്ള വികസന പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത 35 പഞ്ചായത്തുകളിലും അഞ്ച് മുൻസിപ്പാലിറ്റികളിലും കൂടി ഡിസ്പെൻസറികൾ അനുവദിച്ച് എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറിയുള്ള സംസ്ഥാനമാക്കി മാറ്റി. മികച്ച സേവനങ്ങൾ ലഭ്യമാക്കിയതിന്റെ ഫലമായി ആയുഷ് വിഭാഗത്തിലെത്തുന്ന രോഗികളുടെ എണ്ണത്തിൽ കാര്യമായ വർധനവുണ്ടായി. ആയുഷ് മേഖലയിലെ കേരളത്തിന്റെ ശ്രദ്ധേയമായ മുന്നേറ്റത്തെ നീതി ആയോഗ് അടുത്തിടെ അഭിനന്ദിച്ചിരുന്നു.

# സുസ്ഥിര മത്സ്യബന്ധനവും കടൽസുരക്ഷയും ബോധവൽക്കരണ ക്ലാസ്

**തൃശൂർ:** സുസ്ഥിര മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുമായി ജില്ലയിൽ അഴീക്കോട് ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിന്റെ ആഭ്യമുഖ്യത്തിൽ 'സുസ്ഥിര മത്സ്യബന്ധനവും കടൽസുരക്ഷയും' വിഷയത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

അഴീക്കോട്, പുത്തൻപള്ളി 4 സീസൺസ് ഹാളിൽ നടന്ന പരിപാടി എറിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. പി. രാജൻ ഉദ്ഘാടനം ചെയ്തു. എറിയാട് ഗ്രാമപഞ്ചായത്ത് മെമ്പർ പ്രസീന റാഫി അധ്യക്ഷയായി. മതിലകം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ നൗഷാദ് കറുകപ്പാടത്ത് മുഖ്യാതിഥിയായി.

കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം, ഫിഷറീസ് വകുപ്പിന്റെ വിവിധ പദ്ധതികൾ, കേന്ദ്ര സംസ്ഥാന സുരക്ഷാ ഏജൻസികളുടെ സുരക്ഷാ നിർദ്ദേശങ്ങൾ എന്നി വിഷയങ്ങളെ കുറിച്ച് കൊച്ചി സിഐഎഫ്എൻഇടി ലെ ശാസ്ത്രഞ്ജൻ കെ.പ്രദീപ്, അഴീക്കോട് ഫിഷറീസ് സ്റ്റേഷൻ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ എം.എഫ് പോൾ, കൊടുങ്ങല്ലൂർ എം.എഫ്. ഫയർ ആന്റ് സേഫ്റ്റി ഓഫീസർ റീനിഷ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.അഴീക്കോട് ഫിഷ് ലാൻറിങ്ങ് സെൻറർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളികൾ , കോസ്റ്റൽ പോലീസ്, ബോട്ട് ഉടമകൾ, ബോട്ട് ഓണേഴ്സ് അസോസിയേഷൻ പ്രതിനിധികൾ, കടലോര ജാഗ്രതാ സമിതി അംഗങ്ങൾ, മറ്റ് മത്സ്യ മേഖല പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.




## സംസ്ഥാനത്തെ ആദ്യ മാരിടൈം ക്ലസ്റ്റർ ചേർത്തലയിൽ

# മാരിടൈം ഉപകരണങ്ങൾക്കുള്ള ടെസ്റ്റിംഗ് ലാബ് തുടങ്ങുന്നത് പരിഗണിക്കും : മന്ത്രി പി രാജീവ്

**കൊച്ചി:** സംസ്ഥാനത്തെ ആദ്യ മാരിടൈം ക്ലസ്റ്റർ ചേർത്തലയിൽ ആരംഭിക്കുമെന്ന് വ്യവസായകയർനിയമ മന്ത്രി പി രാജീവ് പ്രഖ്യാപിച്ചു. മാരിടൈം മേഖലയിലുള്ള സ്വകാര്യ കമ്പനികളുടെ പങ്കാളിത്തോടെ മാരിടൈം ഉപകരണങ്ങൾക്കായുള്ള ടെസ്റ്റിംഗ് ലാബ് തുടങ്ങുന്നത് പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു. കൊച്ചിൻ ഷിപ് യാർഡിൽ അടുത്ത അഞ്ച് വർഷത്തിൽ വരാൻ പോകുന്ന വൻവികസനപദ്ധതികളുടെ പ്രയോജനം കേരളത്തിലെ മാരിടൈം മേഖലയിൽ പ്രവർത്തിക്കുന്ന എംഎസ്എംഇകൾ ഉപയോഗപ്പെടുത്തണമെന്ന് മന്ത്രി പറഞ്ഞു.

2023 ലെ സംസ്ഥാന വ്യവസായ നയത്തിലെ 22 മുൻഗണനാ മേഖലയിൽ പെടുന്നതാണ് മാരിടൈം. മുഖ്യമന്ത്രിയുടെ നോർവെ സന്ദർശനത്തെ തുടർന്നാണ് കേരളത്തിൽ ഈ മേഖലയ്ക്കായി പ്രത്യേകം ക്ലസ്റ്റർ തുടങ്ങാൻ തീരുമാനിച്ചത്. ഇതിനായി ചേർത്തയിൽ 15 ഏക്കർ സ്ഥലം സർക്കാർ കണ്ടെത്തിയിട്ടുണ്ട്. മാരിടൈം വ്യവസായങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇത് നൽകാനാകുമെന്നും മന്ത്രി പറഞ്ഞു.

മാരിടൈം മേഖലയിലെ വിവിധ പങ്കാളികളുമായി മന്ത്രി ആശയവിനിമയം നടത്തി. മാരിടൈം മെഷിനറി ഉപകരണങ്ങൾ ടെസ്റ്റ് ചെയ്യുന്നതിന് കേരളത്തിൽ സംവിധാനമില്ലാത്തത് വ്യവസായികൾ ചൂണ്ടിക്കാട്ടി. ടെസ്റ്റിംഗ് കേന്ദ്രം സ്ഥാപിക്കുന്നതിന് വ്യവസായ സമൂഹത്തിൻറെ പങ്കാളിത്തവും വാഗ്ദാനം ചെയ്തു.

യോഗത്തിൽ വച്ച് തന്നെ ടെസ്റ്റിംഗ് കേന്ദ്രം തുടങ്ങുന്നത് പരിഗണിക്കാമെന്ന് മന്ത്രി നിർദ്ദേശിച്ചു. ഇതെക്കുറിച്ച് പഠിക്കുന്നതിനായി കെഎസ്ഐഡിസി സംഘം ബംഗളുരുവും വിശാഖപട്ടണവും സന്ദർശിക്കും.

ഷിപ് യാർഡ്, മാരിടൈം സർവകലാശാല തുടങ്ങിയ സ്ഥാപനങ്ങളുമായും വ്യവസായവകുപ്പ് ഇത് സംബന്ധിച്ച ചർച്ച നടത്തും. ഇക്കാര്യത്തിൽ ഉടൻ നടപടിയുണ്ടാകുമെന്നും മന്ത്രി ഉറപ്പ് നൽകി.എൻജിനീയറിംഗ്, ഫിനാൻസ് മേഖലയിലുള്ള പ്രൊഫഷണലുകൾക്ക് മാരിടൈം മേഖലയിൽ പ്രവർത്തിക്കുന്നതിനുള്ള നൈപുണ്യ വികസനത്തിന് ചെറു കോഴ്സുകൾ തുടങ്ങാനാവുമെന്ന് മന്ത്രി പറഞ്ഞു. സർക്കാരിൻറെ നൈപുണ്യവികസന പദ്ധതിയായ അസാപുമായി ചർച്ച ചെയ്ത് ഇത് തീരുമാനിക്കും. മൂലധന സമാഹരണത്തിന് കെഎസ്ഐഡിസിയുടെ സ്കെയിലപ് പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മാരിടൈം ഉൾപ്പെടെയുള്ള മുൻഗണനാ മേഖലകൾക്ക് വ്യവസായവകുപ്പ് വലിയ തോതിലുള്ള പിന്തുണയാണ് നൽകുന്നതെന്ന് വ്യവസായവകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ് ഹരികിഷോർ പറഞ്ഞു.കെഎസ്ഐഡിസി ജനറൽമാനേജർമാരായ വർഗീസ് മാലാക്കാരൻ, ആർ പ്രശാന്ത് എന്നിവരും സംബന്ധിച്ചു.

# വാർഡ്വിസാർഡ് ഫെബ്രുവരിയിൽ വിറ്റത് 2,018 ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾ

**കൊച്ചി:** ജോയ് ഇബൈക്ക്, ജോയ് ഇറിക്ക് ബ്രാൻഡുകളുടെ നിർമാതാക്കളും, ഇന്ത്യയിലെ മുന്നിര ഇലക്ട്രിക് വാഹന നിർമാതാക്കളുമായ വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് 2024 ഫെബ്രുവരിയിൽ മികച്ച വളർച്ചാ രേഖപ്പെടുത്തി. 2,018 യൂണിറ്റ് ഇലക്ട്രിക് ഇരുചക്രവാഹനങ്ങളാണ് ബ്രാൻഡ് 2024 ഫെബ്രുവരിയിൽ കയറ്റി അയച്ചത്. 2023 ഫെബ്രുവരിയേക്കാൾ 953 യൂണിറ്റുകൾ അധികം വിറ്റഴിച്ചു.മുൻവർഷത്തെ അപേക്ഷിച്ച് വില്പനയിൽ 112% വർധനവാണുണ്ടായത്. ഇതിന് പുറമേ 2024 ഫെബ്രുവരിയിൽ 11 മുച്ചക്ര വൈദ്യുത വാഹനങ്ങളും കമ്പനി വിറ്റഴിച്ചു. ഫെബ്രുവരിയിൽ ഇരുചക്ര വൈദ്യുത വാഹനങ്ങളുടെ വില്പനയിൽ പതിനായിരം യൂണിറ്റെന്ന നാഴികക്കല്ലും വാർഡ്വിസാർഡ് പിന്നിട്ടിരുന്നു. ഇന്ത്യയുടെ മൊബിലിറ്റി ലാൻഡ്സ്കേപ്പിൽ വിപ്ലവം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾക്കുള്ള അംഗീകാരമായി ദുബായിൽ നടന്ന ഗ്ലോബൽ ബിസിനസ് സിമ്പോസിയത്തിൽ റൈസിങ് ബ്രാൻഡ്സ് ഓഫ് ഏഷ്യ 2023 24 പുരസ്കാരവും ജോയ് ഇബൈക്ക് ബ്രാൻഡിന് ലഭിച്ചിരുന്നു.കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വില്പനയിലെ ഈ നേട്ടം മികവിനോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയെയും ഇലക്ട്രിക് വാഹന മേഖലയെ പരിവർത്തനം ചെയ്യാനുള്ള ഞങ്ങളുടെ അഭിലാഷത്തെയും പ്രതിഫലിപ്പിക്കുന്നുവെന്ന് വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിൻറെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു.



# ഏകദിന ശിൽപശാല സംഘടിപ്പിച്ചു

**തിരുവനന്തപുരം:** എനർജി എഫിഷ്യന്റ് കോൾഡ് ചെയിൻ ടെക്നോളജീസ് എന്ന വിഷയത്തിൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി, എനർജി മാനേജ്മെന്റ് സെന്റർ കേരള, ഫിക്കി എന്നിവർ സംയുക്തമായി ഏകദിന ശില്പശാല സംഘടിപ്പിച്ചു. എംപിഇഡിഎ മാർക്കറ്റിങ് ഡയറക്ടർ പി. അനിൽകുമാർ ഉദ്ഘാടനം ചെയ്തു.

പുതിയ കാലഘട്ടത്തിൽ ഊർജ സംരക്ഷണ സാങ്കേതികവിദ്യ പൂർണമായി പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. ഊർജ സംരക്ഷണത്തിന്റെ പ്രാധാന്യം എല്ലാവരും ഉൾക്കൊള്ളണമെന്നും ഊർജ സംരക്ഷണം പ്രവർത്തികമാക്കുന്നതിനായി ബോധവത്കരണം ശക്തിപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഡിജിറ്റൽ സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും വ്യവസായ, വാണിജ്യ മേഖലകളിൽ ലഭ്യമായ സബ്സിഡികളും ആനക്കോളങ്ങളും കൃത്യമായി മനസിലാക്കണമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ സബ്സിഡിക്ക് വേണ്ടി മാത്രം ആരും വ്യവസായം തുടങ്ങരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു.ഊർജ കാര്യക്ഷമതാ സാങ്കേതിക വിദ്യകളെ കുറിച്ചും ഊർജ കാര്യക്ഷമത പദ്ധതികളെ കുറിച്ചും ചർച്ചകൾ നടന്നു. വ്യവസായ, വാണിജ്യ വകുപ്പ് ഊർജക്ഷമതയ്ക്ക് നൽകുന്ന പിന്തുണയും മെഷീനറികളിലടക്കം നടപ്പാക്കുന്ന മാറ്റങ്ങളും ശില്പശാലയിൽ വിശദീകരിച്ചു.ജില്ലാ വ്യവസായ കേന്ദ്രം എ ഡി ഐ ഒ വിനോദ് കുമാർ, എനർജി മാനേജ്മെന്റ് സെന്റർ രജിസ്ട്രാർ ബി.വി സുരേഷ്ബാബു, കെ എസ് എസ് ഐ എ ജില്ലാ വൈസ് പ്രസിഡന്റ് ടോം തോമസ് ഫിക്കി എനർജി വിഭാഗം സീനിയർ ഡയറക്ടർ എം.എൻ ഗിരീഷ്, ഇ എം സി ഊർജ കാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയേൽ എന്നിവർ പ്രസംഗിച്ചു.



# വനിതാ ദിനാഘോഷം സംഘടിപ്പിച്ചു

**കൊച്ചി:** ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഇന്ത്യ കൊച്ചിൻ ചാപ്റ്റർ കളമശേരി നുവാൽസുമായി സഹകരിച്ച് വനിതാ ദിനാഘോഷം സംഘടിപ്പിച്ചു. ഇൻവെസ്റ്റ് ഇൻ വിമെൻ ആക്സിലറേറ്റ് ദി പ്രോഗ്രസ് എന്ന ആശയത്തിലൂന്നിയായിരുന്നു പരിപാടി സംഘടിപ്പിച്ചത്. ആഘോഷ പരിപാടികളുടെ ഭാഗമായി വിമെൻ ഇൻ ലീഡർഷിപ്പ് എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. പ്രാക്ടീസിംഗ് കോസ്റ്റ് അക്കൗണ്ടന്റും മാനേജ്മെന്റ് കൺസൾട്ടന്റുമായ പുഷ്പി ബി മുരിക്കൻ, കൊച്ചി മെട്രോ ജോ. ജനറൽ മാനേജർ ആർ.രഞ്ജിനി, ആർക്കിടെക്റ്റ് ദീപ മത്തായി, അർഥ ഫിനാൻഷ്യൽ സർവീസസിലെ ഉത്തര രാമകൃഷ്ണൻ എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുത്തു. നുവാൽസ് ഫിനാൻസ് ഓഫീസർ എസ്.അരുൺകുമാർ സ്വാഗതവും വിദ്യാർഥി പ്രതിനിധി ആദിയ നായർ നന്ദിയും പറഞ്ഞു.നേതൃതലത്തിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളും വിജയഗാഥകളും ചർച്ചയായി. വനിതകൾക്ക് തുല്യ അവസരവും പിന്തുണയും ലഭിക്കേണ്ടതിന്റെ ആവശ്യകതയും ചർച്ചാ വിഷയമായി.

# ഇരിങ്ങാലക്കുട കോയമ്പത്തൂർ യാത്ര ഇനി കെ എസ് ആർ ടി സി യിൽ

**തൃശൂർ:** ഇരിങ്ങാലക്കുടയിൽ നിന്നും കോയമ്പത്തൂരിലേക്ക് കെ എസ് ആർ ടി സി ഫാസ്റ്റ് പാസഞ്ചർ ബസും ശിവരാത്രി പ്രത്യേക കെ എസ് ആർ ടി സി സർവീസുകളും. ഇരിങ്ങാലക്കുട കെ എസ് ആർ ടി സി ബസ് സ്റ്റാന്റിൽ നടന്ന ചടങ്ങിൽ നഗരസഭ ചെയർപേഴ്സൺ സുജ സഞ്ജീവ് കുമാർ അധ്യക്ഷയായി. ചാലക്കുടി എ ടി ഒ കെ ജെ സുനിൽ, വാർഡ് കൗൺസിലർ അമ്പിളി ജയൻ, കെ എസ് ആർ ടി സി വികസന സമിതി കൺവീനർ ജയൻ അരിമ്പ്ര, കൂടൽമാണിക്യം ദേവസ്വം ചെയർമാൻ പി കെ ഗോപി, ഇരിങ്ങാലക്കുട കെ എസ് ആർ ടി സി ഇൻസ്പെക്ടർ ഇൻ ചാർജ് ടി കെ കൃഷ്ണകുമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

കോയമ്പത്തൂർ സർവീസ് ഇരിങ്ങാലക്കുടയിൽ നിന്നും രാവിലെ 5.45 ന് പുറപ്പെടും. തൃശ്ശൂർ, വടക്കഞ്ചേരി, പാലക്കാട്, വാളയാർ വഴി 10.05 ന് കോയമ്പത്തൂരിൽ എത്തും. കോയമ്പത്തൂരിൽ നിന്നും തിരികെ 10.35 ന് പുറപ്പെടുന്ന ബസ് ഇതേ റൂട്ടിലൂടെ ഉച്ചതിരിഞ്ഞ് 3 മണിക്ക് ഇരിങ്ങാലക്കുടയിലെത്തും.

# മെഡിക്ലെയിം നിരസിച്ചു ,1.83 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃകോടതി

**കൊച്ചി:** പോളിസി ഉടമക്ക് മെഡിക്കൽ ഇൻഷുറൻസ് ക്ലെയിം നിഷേധിച്ച ഇൻഷുറൻസ് കമ്പനിയുടെ നടപടി സേവനത്തിൽ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കോടതി.എറണാകുളം, ആലുവ സ്വദേശി രഞ്ജിത്ത് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.2022 ആഗസ്റ്റ് മാസത്തിലാണ് പരാതിക്കാരന്റെ ഭാര്യയെ കഠിനമായ വയറുവേദന തുടർന്ന് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.പരിശോധനയിൽ പിത്താശയത്തിൽ കല്ലുകൾ ഉള്ളതായി കണ്ടെത്തുകയും ശാസ്ത്രക്രിയ വേണമെന്ന് ഡോക്ടർ നിർദ്ദേശിക്കുകയും ചെയ്തു.

5 ദിവസത്തെ ചികിത്സക്ക് ശേഷം രോഗി ആശുപത്രി വിട്ടു. ചികിത്സ ചെലവിനത്തിൽ 1. 33 ലക്ഷം രൂപ പരാതിക്കാരന് ചെലവായി . ഈ തുകക്കായി എതിർകക്ഷിയായ ഇൻഷുറൻസ് കമ്പനിയെ രേഖാമൂലം അറിയിച്ചുവെങ്കിലും ഇൻഷുറൻസ് തുക നൽകാൻ കമ്പനി തയ്യാറായില്ല. തുടർന്നാണ് ഇൻഷുറൻസ് തകയും നഷ്ടപരിഹാരവും ആവശ്യപ്പെട്ട് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതിയെ പരാതിക്കാരൻ സമീപിച്ചത്.

ഇൻഷുറൻസ് കമ്പനിയുടെ സേവനത്തിൽ ന്യൂനതയും ധാർമികമായ വ്യാപാര മാർഗവും ഉണ്ടെന്ന് ഡി.ബി. ബിനു അധ്യക്ഷനും വൈക്കം .രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബഞ്ച് കണ്ടെത്തി.പരാതിക്കാരന്റെ ഭാര്യയുടെ ചികിത്സ ചെലവിനായി നൽകിയ 1.33 ലക്ഷം രൂപയും 40,000 രൂപ നഷ്ടപരിഹാരവും10,000 രൂപ കോടതി ചെലവും 30 ദിവസത്തിനകം പരാതിക്കാരന് നൽകണമെന്ന് കോടതി ഇൻഷുറൻസ് കമ്പനിക്ക് ഉത്തരവ് നൽകി.

# നെല്ല് കൊണ്ടുപോകുന്നില്ലെന്ന പരാതിയുമായി കർഷകർ



**പറപ്പൂർ:** പറപ്പൂർ കൂർണി പള്ളിയാടം പാടശേഖരത്തിൽ കൊയ്ത നെല്ല് മില്ലുകാർ കൊണ്ടുപോകുന്നില്ലെന്ന പരാതിയുമായി നെൽകർഷകർ. 45 ഏക്കർ പാടശേഖരത്തിലെ പത്ത് ഏക്കർ പ്രദേശത്ത് കൊയ്ത നെല്ലാണ് ഈർപ്പം കൂടുതലുണ്ടെന്ന കാരണത്താൽ മില്ലുകാർ കൊണ്ട് പോകാതിരുന്നത്.

നെല്ല് പരത്തിഉണക്കി ഈർപ്പം കുറച്ചിട്ടും ഒരാഴ്ച്ചയിലേറെയായി മില്ലുകാർ കൊണ്ടു പോകുന്നില്ലെന്ന് കർഷകനായ ജോയ് ചിറ്റിലപ്പിള്ളി പറയുന്നു. ഈർപ്പത്തിന് വിലയിൽ അർഹമായ കിഴിവ് നൽകുവാനും കർഷകർ തയ്യാറാണ്. എന്നിട്ടും ഏഴ് കർഷകരുടെ ഏകദേശം രണ്ട് ലോഡ് നെല്ലാണ് കൊണ്ടുപോകാതിരിക്കുന്നത്. പടവ് ഭാരവാഹികൾ കൃഷി ഭവനിലും മില്ലുകാരെയും ബന്ധപ്പെടുമ്പോൾ ഉടൻ കൊണ്ടുപോകുമെന്നാണ് പറയുന്നുവെങ്കിലും കഴിഞ്ഞ ഒരാഴ്ച്ചയായി കാത്തിരിപ്പ് തുടരുകയാണ്.

പറപ്പൂർ നാഗത്താൻകാവ് ക്ഷേത്ര മുറ്റത്ത് പ്ലാസ്റ്റിക്ക് ചാക്കുകളിൽ നിറച്ച നെല്ലിന് കാവലിരിക്കുന്ന കർഷകർക്ക് വ്യക്തമായ മറുപടി നൽകുന്നതിന് അധികൃതർ തയ്യാറാകണമെന്ന് കർഷകർ പറഞ്ഞു.

കാലടിയിലെ പറയ്ക്കാട്ടിൽ മില്ലാണ് പാടശേഖരത്തിലെ ഉമ നെല്ല് എടുക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

# അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ് സെന്ററിന്റെ കളമശ്ശേരി മേഖല കേന്ദ്രത്തിൽ ഏപ്രിൽ മാസം തുടങ്ങുന്ന അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ www.lbscetnre.kerala.gov.in വെബ്സൈറ്റിൽ ഓൺലൈനായി സമർപ്പിക്കാം.

ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ കോഴ്സ് കാലാവധി 4 മാസം യോഗ്യത എസ്.എസ്.എൽ.സി, ഫീസ് 7000. ടാലിയും ജിഎസ് ടിയും ഉപയോഗിച്ചുള്ള കമ്പ്യൂട്ടറൈസ്ഡ് ഫിനാ9ഷ്യൽ അക്കൗണ്ടിങ് കോഴ്സ് കാലാവധി 3 മാസം. യോഗ്യത പ്ലസ് ടു കോമേഴ്സ്, ഫീസ് 5000. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൈത്തൺ കോഴ്സ് കാലാവധി 1 മാസം, യോഗ്യത എസ് എസ് എൽ സി കോഴ്സ് ഫീ 5000. സർട്ടിഫിക്കറ്റ് കോഴ്സ് ഓൺ വെബി ഡിസൈൻ യൂസിങ് എച്ച് ടി എം എൽ ആ9്റ് സി എസ് എസ്കോഴ്സ് കാലാവധി 2 മാസം. യോഗ്യത എട്ടാം ക്ലാസ്. കോഴ്സ് ഫീ 2000. ഡിപ്ലോമ ഇ9 കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിഗ്, കോഴ്സ് കാലാവധി 6 മാസം, പ്ലസ് ടു കോമേഴ്സ്/ബികോം, കോഴ്സ് ഫീ 10000. അഡോബ് ഫോട്ടോഷോപ്പ് ഉപയോഗിച്ചുള്ള ഗ്രാഫിക് ഡിസൈനിങ്, യോഗ്യത ഏഴാം ക്ലാസും അതിനു മുകളിലും, കോഴ്സ് കാലാവധി 1 മാസം, കോഴ്സ് ഫീ 4000. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2541520, 7025310574.



# മെഡിക്കൽ കോളജ് ഭൂഗർഭ പാത നിർമാണോദ്ഘാടനം ഇന്ന്

**ഏറ്റുമാനൂർ:** കോട്ടയം മെഡിക്കൽ കോളജിനെയും ബസ് സ്റ്റാൻഡിനെയും ബന്ധിപ്പിക്കുന്ന ഭൂഗർഭ പാതയുടെ നിർമാണോദ്ഘാടനം ഇന്ന് നടക്കും. രാവിലെ ഒമ്പതിന് മെഡിക്കൽ കോളജ് പരിസരത്തു നടക്കുന്ന ചടങ്ങിൽ മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം നിർവഹിക്കും. മെഡിക്കൽ കോളജിലെത്തുന്ന രോഗികൾക്കും സന്ദർശകർക്കും സുരക്ഷിതമായി റോഡ് മുറിച്ചുകടക്കാനുതകുന്ന ഭൂഗർഭ പാത 1.29 കോടി രൂപ ചെലവിട്ടാണ് നിർമിക്കുന്നത്.

മെഡിക്കൽ കോളജ് അത്യാഹിത വിഭാഗത്തിലേക്കുള്ള പ്രവേശന കവാടത്തിനരികെയുള്ള ഡിപ്പാർട്ട്മെൻറ് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ സെൻറർ മന്ദിരത്തിനു സമീപത്തു നിന്ന് തുടങ്ങുന്ന ഭൂഗർഭ പാത റോഡ് കുറുകെകടന്ന് ബസ് സ്റ്റാൻഡിൻറെ പ്രവേശനകവാടത്തിനു സമീപം അവസാനിക്കും. 18.576 മീറ്ററാണ് ഭൂഗർഭപാതയുടെ ആകെ നീളം. അഞ്ചുമീറ്റർ വീതിയും 3.5 മീറ്റർ ഉയരവും പാതയ്ക്കുണ്ടാകും. പാതയിൽ മികച്ച വെളിച്ച സംവിധാനങ്ങളും രോഗികൾക്കു ബുദ്ധിമുട്ട് ഉണ്ടാകുന്ന പക്ഷം വിശ്രമിക്കുന്നതിനുള്ള ഇരിപ്പിടങ്ങളും ഒരുക്കും.

ഒപിയിലെത്തുന്ന മൂവായിരം പേരടക്കം ഏഴായിരത്തോളം പേരാണ് മെഡിക്കൽ കോളജിൽ പ്രതിദിനം സന്ദർശനത്തിനെത്തുന്നത്. വാഹനങ്ങളുടെയും റോഡ് മുറിച്ചുകടക്കുന്ന കാൽനടക്കാരുടെയും ബാഹുല്യം നിരവധി അപകടങ്ങൾക്കു വഴിവച്ചിരുന്ന ഇവിടെ അടിപ്പാത വേണമെന്നത് ദീർഘനാളായുള്ള ആവശ്യമായിരുന്നു.

# അഹമ്മദാബാദ് ഡിഫൻഡേഴ്സിനെ തകർത്ത് കാലിക്കറ്റ് ഹീറോസ്

**ചെന്നൈ:** റൂപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23യുടെ മൂന്നാം സീസണിൽ അഹമ്മദാബാദ് ഡിഫൻഡേഴ്സിനെ കീഴടക്കി കാലിക്കറ്റ് ഹീറോസ് സൂപ്പർ ഫൈവ്സിലേക്ക് അടുത്തു. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ നാല് സെറ്റ് പോരിലായിരുന്നു കാലിക്കറ്റിന്റെ ജയം. സ്കോർ: 15 11, 8 15, 15 8, 15 11. ജെറൊം വിനിതാണ് കളിയിലെ താരം. ജയത്തോടെ കാലിക്കറ്റിന് പത്ത് പോയിന്റായി. ഒരു കളി ബാക്കി നിൽക്കുന്നു. അഹമ്മദാബാദിനും പത്ത് പോയിന്റാണ്.

കരുത്തൻമാരുടെ പോരാട്ടത്തിന് ആവേശകരമായ തുടക്കമായിരുന്നു. മാക്സ് സെനിക്കയുടെ തകർപ്പൻ കളിയിൽ അഹമ്മദാബാദ് ആദ്യം തുടങ്ങി. എന്നാൽ ചിരാഗ് യാദവിലൂടെ കാലിക്കറ്റ് ഒപ്പംപിടിച്ചു. സെനിക്കയുടെ ആക്രണാത്മകമായ സെർവുകൾ അഹമ്മദാബാദിന് മുന്നേറാനുള്ള കരുത്ത് നൽകി. എന്നാൽ പെറൊറ്റോയുടെ സൂപ്പർ സെർവ് കാലിക്കറ്റിനെ ഒപ്പമെത്തിച്ചു. ഒടുവിൽ ജെറൊമിന്റെ മിന്നുംസ്മാഷ് കാലിക്കറ്റിന് തുടക്കത്തിൽതന്നെ ലീഡ് നൽകാൻ



സഹായകരമായി.

അംഗമുത്തുവും നന്ദഗോപാലും അഹമ്മദാബാദിന്റെ നീക്കങ്ങൾക്ക് ഊർജം പകർന്നു. നിലവിലെ ചാമ്പ്യൻമാർ കളിയിലേക്ക് തിരിച്ചുവരാനുള്ള ശ്രമത്തിലായി. അംഗമുത്ത മികച്ച പ്രകടനം പുറത്തെടുത്തു. കാലിക്കറ്റ് ബ്ലോക്കർമാരെ കാര്യമായി പരീക്ഷിക്കാൻ തുടങ്ങി. മുത്തുസാമിയുടെ സൂപ്പർ സെർവ് കാലിക്കറ്റിനെ നിശബ്ദമാക്കി. അഹമ്മദാബാദ് കളി പിടിച്ചു. എന്നാൽ ചിരാഗ് കളം കീഴടക്കിയതോടെ കാലിക്കറ്റ് മുന്നേറാൻ തുടങ്ങി. കരുത്തുറ്റ സ്മാഷുകളുമായി അഹമ്മദാബാദ് പ്രതിരോധത്തെ ചിതറിച്ചു. മധ്യഭാഗത്ത് ഡാനിയലിന്റെ സാന്നിധ്യം അഹമ്മദാബാദിന്റെ കളിയൊഴുക്കിനെ ബാധിച്ചു.

നന്ദയുടെ രണ്ട് പിഴവുകളാണ് കാലിക്കറ്റിന് മത്സരത്തിലേക്കുള്ള വഴിയൊരുക്കിയത്.മ ഉക്രപാണ്ഡ്യന്റെ തന്ത്രപരമായ കളിയും അവരെ സഹായിച്ചു. അഹമ്മദാബാദ് പതറാൻ തുടങ്ങി. ചിരാഗിന്റെ ആക്രമണങ്ങളെ പ്രതിരോധിക്കാൻ മനോജിന് കഴിഞ്ഞില്ല. ഒപ്പം നിരന്തരം വരുത്തിയ പിഴവുകളും തിരിച്ചടിയായി. വികാസ് മാന്റെ ബ്ളോക്കുകൾ അഹമ്മാബാദിനെ ചിതറിച്ചു. ഉക്രയുടെ പ്രതിരോധ നീക്കങ്ങൾ കാലിക്കറ്റിനെ നയിച്ചു. ഒടുവിൽ ജെറൊമിന്റെ കിടയറ്റ പ്രകടനത്തിൽ ജയം കാലിക്കറ്റിന്റെ പേരിലായി.

ഇന്ന് ഒരു മത്സരം. വൈകിട്ട് 6.30ന് കൊച്ചി ബ്ലൂ സ്പൈക്കേഴ്സ് ഹൈദരാബാദ് ബ്ലാക്ഹോക്സിനെ നേരിടും. മത്സരങ്ങൾ സോണി സ്പോർട്സ് നെറ്റ്വർക്കിലും സോണി ലിവിലും തത്സമയം കാണാം.




# കൊച്ചി മെട്രോയ്ക്ക് ഷീറോ പുരസ്കാരം

**കൊച്ചി:** വേൾഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യ ഏർപ്പെടുത്തിയ ഷീറോ പുരസ്കാരത്തിന് കൊച്ചി മെട്രോയിലെ വനിതാ ട്രെയിൻ ഓപ്പറേറ്ററുമാർ അർഹരായി. ശ്രീമതി അനു സുരേഷ്, ശ്രീമതി രേഷ്മ സി എ എന്നുവരാണ് പുരസ്കാരത്തിന് അർഹരായത്. ദില്ലിയിൽ ഇന്ത്യ ഹാബിറ്റാറ്റ് സെന്ററിൽ നടന്ന 'ഉദ്ദേശ്യ' കോൺഫറൻസിൽ ഇവർ കൊച്ചി മെട്രോയ്ക്കായി പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. എല്ലാ മേഖലയിലും വനിതകൾക്ക് പ്രാതിനിധ്യം നൽകുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മറ്റ് നഗരങ്ങൾക്ക് മാതൃകയാണെന്ന് വേൾഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ ചൂണ്ടിക്കാട്ടി.

വനിതാ ദിന ആഘോഷങ്ങളുടെ ഭാഗമായി കഴിഞ്ഞ ഒരു വർഷത്തിനിടെ കൊച്ചി മെട്രോയിൽ ഏറ്റവുമധികം യാത്ര ചെയ്ത മൂന്ന് വനിതകളെ കെ എം ആർ എൽ ആദരിച്ചു. സിമി തോമസ്, ശ്രീദേവി കെ, അർച്ചന രവീന്ദ്രൻ എന്നിവരാണ് കൊച്ചി മെട്രോയിൽ ഒരു വർഷത്തിനിടെ ഏറ്റവുമധികം യാത്ര ചെയ്ത വനിതകൾ.കാഴ്ച പരിമിതിയുള്ള സിമി തോമസ് കൊച്ചി മെട്രോയുടെ സേവനങ്ങൾക്ക് നന്ദി അറിയിച്ചു. ഓരോ യാത്രയിലും സ്റ്റേഷനിലെ ഉദ്യോഗസ്ഥർ സഹായത്തിന് എത്താറുണ്ടെന്നും സിമി തോമസ് പങ്കുവച്ചു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് പ്രൊജക്റ്റ്സ് വിഭാഗം ഡയറക്ടർ ശ്രീ ഡോ. എം പി രാംനവാസ് അധ്യക്ഷനായ ചടങ്ങിൽ ഓപ്പറേഷൻസ് വിഭാഗം ചീഫ് ജനറൽ മാനേജർ ശ്രീ. എ. മണികണ്ഠൻ, ഫിനാൻസ് വിഭാഗം ജനറൽമാനേജർ ശ്രീമതി. സീനി അലക്സ് , ഓപ്പറേഷൻസ് വിഭാഗം ജോയിന്റ് ജനറൽ മാനേജർ ശ്രീ രശ്മി രഞ്ചൻ സാഹു, ഓപ്പറേഷൻസ് വിഭാഗം സീനിയർ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. തലോജു സായ്കൃഷ്ണ തുടങ്ങിയവർ പങ്കെടുത്തു.

# എയർടെൽ കോഴിക്കോട്, വയനാട് ജില്ലകളിൽ നെറ്റ്വർക്ക് വിപുലീകരിക്കുന്നു

**കോഴിക്കോട്:** ഭാരതി എയർടെൽ, തങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട്, വയനാട് ജില്ലകളിൽ കൂടുതൽ സൈറ്റുകൾ വിന്യസിച്ചു. അധിക സൈറ്റുകൾ വോയ്സ്, ഡാറ്റ കണക്റ്റിവിറ്റി എന്നിവയിലെ ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തും.

താമരശ്ശേരി, കൊയിലാണ്ടി, വടകര, മാനന്തവാടി, സുൽത്താൻ ബത്തേരി, വൈത്തിരി എന്നിവിടങ്ങളിലെ ഉപഭോക്താക്കൾക്ക് ഈ നെറ്റ്വർക്ക് വർദ്ധനയുടെ പ്രയോജനം നേരിട്ട് ലഭിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.എയർടെൽ റൂറൽ എൻഹാൻസ്മെന്റ് പദ്ധതിയുടെ ഭാഗമായാണീ നെറ്റ്വർക്ക് വിപുലീകരണം. 2024ഓടെ രാജ്യത്തെ 60,000 ഗ്രാമങ്ങളിൽ നെറ്റ്വർക്ക് കണക്റ്റിവിറ്റി മെച്ചപ്പെടുത്തുക എന്നതാണ് ലക്ഷ്യം.

നെറ്റ്വർക്ക് കപ്പാസിറ്റി വർധിപ്പിക്കുക, ഗ്രാമങ്ങളിലേക്കും ബന്ധമില്ലാത്ത പ്രദേശങ്ങളിലേക്കും സേവനങ്ങൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ ഒപ്റ്റിക് ഫൈബർ വിന്യസിക്കാനും എയർടെൽ പദ്ധതിയിടുന്നുണ്ട്. പുതിയ ഫൈബർ കപ്പാസിറ്റി കൂട്ടിച്ചേർക്കുന്നത് ഈ മേഖലയിലെ അതിവേഗ ഡാറ്റാ സേവനങ്ങൾക്കുള്ള ആവശ്യകതയ്ക്ക് അനുസരിച്ചുള്ള വളർച്ചയെ സഹായിക്കും.ഈ മേഖലയിലെ എയർടെല്ലിന്റെ നെറ്റ്വർക്കിൽ ഇപ്പോൾ ഹൈവേകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ എന്നിവയുൾപ്പെടെ എല്ലാ പ്രധാന നഗര, അർദ്ധ നഗര, ഗ്രാമീണ മേഖലകളും ഉൾപ്പെടുന്നു.ഇതോടെ, ഹിൽ സ്റ്റേഷനുകൾ മുതൽ സംസ്ഥാനത്തുടനീളമുള്ള ബീച്ചുകൾ വരെയുള്ള എല്ലാ ജനപ്രിയ വിനോദസഞ്ചാര കേന്ദ്രങ്ങളിലും മെച്ചപ്പെട്ട നെറ്റ്വർക്ക് കാണാനാകുന്നു. വയനാട്, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലെ ഹിൽ സ്റ്റേഷനുകളിൽ മികച്ച നെറ്റ്വർക്ക് സജ്ജമാക്കിയട്ടുള്ളതിനാൽ എയർടെൽ വിദൂര സ്ഥാനങ്ങളിലും ലഭ്യമാകും.

# പിആർഎസ് ലഭിച്ച് 15 ദിവസത്തിനകം തുക നൽകാൻ നടപടി: മന്ത്രി ജി.ആർ. അനിൽ

**പാലക്കാട്:** നെല്ല് സംഭരിച്ച് കർഷകർക്ക് സപ്ലൈകോ പാഡി റെസീപ്റ്റ് ഷീറ്റ് (പിആർഎസ്) ലഭ്യമായാൽ 15 ദിവസത്തിനകം സംഭരണത്തുക നൽകാൻ നടപടിയെടുക്കുമെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലയിലെ കർഷക പ്രതിനിധികളുമായി നടത്തിയ മുഖാമുഖം പരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു മന്ത്രി.

കർഷകരുടെ എല്ലാ പ്രശ്നങ്ങൾക്കും ഘട്ടം ഘട്ടമായി പരിഹാരം കാണും. അടുത്ത വിള സീസണിൽ നെല്ല് സംഭരണം, തുക വിതരണം തുടങ്ങി എല്ലാ മേഖലയെയും ബന്ധിപ്പിച്ച് കുറ്റമറ്റ സംവിധാനം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

കർഷകദുരിതം ഒഴിവാക്കുകയാണ് സർക്കാർ ലക്ഷ്യം. കൃഷിക്കാരെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുക. ഈ സീസണിൽ ഭൂമിയുടെയും തൂക്കത്തിൻറേയും പരിധിയില്ലാതെ നെല്ല് സംഭരണം ഉറപ്പാക്കും. നെല്ല് സംഭരണത്തിലെ കാലതാമസം ഒഴിവാക്കും. ഉഴവുകൂലി അടക്കമുള്ള ആനുകൂല്യങ്ങൾ മറ്റു വകുപ്പുകളുടെ പിന്തുണയോടെ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

പിആർഎസ് സംബന്ധിച്ച കാലതാമസം ഒഴിവാക്കാൻ ഇലക്ട്രോണിക് സംവിധാനങ്ങളിലൂടെയും കൃഷിഭവൻ, മില്ല്, ബാങ്ക് തുടങ്ങിയവയെ ബന്ധിപ്പിച്ചും സ്ഥായിയായ പരിഹാരത്തിന് ആലോചന നടക്കുന്നുണ്ട്. ബാങ്കുകളിൽ കയറിയിറങ്ങുന്ന അവസ്ഥ ഒഴിവാക്കാൻ സംവിധാനം ഒരുക്കും.

സംഭരണം, ബാങ്കിംഗ് നടപടികൾ, തുക വിതരണം തുടങ്ങിയവയിൽ നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെടുന്നതിന് ബാങ്കുകളുടെ പ്രതിനിധിയും സപ്ലൈകോ പ്രതിനിധിയും ഉൾപ്പെടുത്തി മൂന്നംഗ സമിതി രൂപീകരിക്കും. 202223 വർഷത്തിൽ പല കാരണങ്ങളാൽ നെല്ലിൻറെ തുക കൈപ്പറ്റാത്ത കർഷകരുണ്ട്. മരണം, 18 വയസ് പൂർത്തിയാകാത്തവർ, എൻആർഐ തുടങ്ങിയ കാരണങ്ങളാൽ പിആർഎസ് എടുക്കാൻ സാധിക്കാത്ത അവസ്ഥയുള്ളവർക്ക് സപ്ലൈകോ നേരിട്ട് തുക നൽകും. മറ്റുള്ളവർ പിആർഎസ് എടുക്കാൻ തയ്യാറായാൽ ഉടൻ പണം ലഭിക്കുമെന്നും മന്ത്രി അറിയിച്ചു. പിആർഎസ് എടുക്കില്ലെന്ന നിലപാട് മാറ്റണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

ആളിയാർ വിഷയത്തിൽ കേരളത്തിന് അവകാശപ്പെട്ട ജലലഭ്യത ഉറപ്പാക്കുന്നതിന് തമിഴ്നാട് കേരള ചീഫ് സെക്രട്ടറി തലത്തിൽ ചർച്ച നടന്നുകൊണ്ടിരിക്കുകയാണെന്ന് വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. മുഖാമുഖത്തിൽ ഓൺലൈനായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു മന്ത്രി. നെല്ല് സംഭരണം, തുക ലഭിക്കുന്നതിനുള്ള കാലതാമസം, ജലലഭ്യത, ഇടനിലക്കാരുടെ ചൂഷണം, ബാങ്കിംഗ് ബുദ്ധിമുട്ടുകൾ, ഉത്പാദന ചെലവിന് ആനുപാതികമായി സംഭരണ തുക വർധിപ്പിക്കൽ, കയറ്റുകൂലി തുടങ്ങിയ വിഷയങ്ങൾ കർഷക പ്രതിനിധികൾ ഉന്നയിച്ചു.

മുഖാമുഖത്തിൽ മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനായി. വൈദ്യുത മന്ത്രി കെ. കൃഷ്ണൻകുട്ടി ഓൺലൈനായി പങ്കെടുത്ത് സംസാരിച്ചു.എ. പ്രഭാകരൻ, കെ.ബാബു, കെ.ഡി. പ്രസേനൻ, പി. പി. സുമോദ്, ജില്ലാ കളക്ടർ ഡോ.എസ്. ചിത്ര, സപ്ലൈകോ ജനറൽ മാനേജർ സൂരജ് ഷാജി, കൺസോർഷ്യം ബാങ്ക് പ്രതിനിധി നവീൻ, പാടശേഖര സമിതി ഭാരവാഹികൾ, കർഷക സംഘടനാ പ്രതിനിധികൾ, കർഷകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663